# ഇടശ്ശേരിയുടെ പൊന്നാനിത്തം

## പി.എം. നാരായണൻ

പൊന്നാനിയിലെയും പരിസരപ്രദേശത്തെയും പ്രകൃതിക്കോ ജനജീവിതത്തിനോ മറ്റു ദേശങ്ങളിലേതിൽനിന്ന് അടിസ്ഥാനപരമായ വ്യത്യാസങ്ങൾ വല്ലതുമുണ്ടോ? ഇല്ലെന്നാണു തോന്നുന്നത്. എന്നിട്ടും പൊന്നാനിത്തം എന്ന പേർ എങ്ങിനെ ഇത്രയേറെ വിളികൊണ്ടു?

തമിഴ്നാട്ടിൽ നിന്നുൽഭവിച്ച് മധ്യകേരളത്തിലൂടെ പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ ചെന്നു ചേരുന്ന ഭാരതപ്പുഴ തന്റെ ലക്ഷ്യസ്ഥാനം കണ്ടെത്തുന്നത് പൊന്നാനി അഴിമുഖത്തുവച്ചാണ്. പഴയ പൊന്നാനിത്താലൂക്ക്, വള്ളുവനാട്, വെട്ടം പ്രദേശങ്ങളുൾച്ചേർന്ന ഭാരതപ്പുഴയുടെ തീരഗ്രാമങ്ങൾ പണ്ടുമുതലേ കലാസംസ്കാരങ്ങളുടെ കേദാരഭൂമികളായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഈ പ്രദേശങ്ങളെ കേന്ദ്രമാക്കി സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ അഭൂതപൂർവമായ ഒരു നവോത്ഥാനം സംഭവിച്ചു. ശ്രീനാരായണഗുരു, മന്നത്തു പദ്മനാഭൻ എന്നിവരുടെ സമുദായപരിഷ്കരണ പ്രവർത്തനങ്ങൾക്കു സമാന്തരമായി വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നമ്പൂതിരി യോഗക്ഷേമസഭാ പ്രവർത്തനങ്ങൾ ഊർജസ്വലമായത് പൊന്നാനിക്കടുത്തുള്ള മേഴത്തൂരിൽ വെച്ചാണ്. എ.കെ.ജിയുടെയും കേളപ്പന്റെയും നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യഗ്രഹമടക്കമുള്ള ഗാന്ധിയൻ – കോൺഗ്രസ് പ്രവർത്തനങ്ങളുടെ ഒരു പ്രധാന കേന്ദ്രവും പൊന്നാനി പരിസരങ്ങൾ തന്നെ. വർഗസമരത്തിലൂടെ മാത്രമേ സ്ഥിതി സമത്വം കൈവരുകയുള്ളൂ എന്നു വിശ്വസിച്ച കമ്യൂണിസ്റ്റുപാർട്ടിയും പൊന്നാനി മേഖലയിൽ വളരെ സജീവമായിരുന്നു. തികച്ചും വ്യത്യസ്തമായ കൃതികളാലും 'പാവങ്ങളു'ടെ തർജമയാലും കലാപരവും ധാർമികവുമായ പുതിയൊരവബോധം എങ്ങും പ്രസരിപ്പിക്കാൻ കഴിഞ്ഞ നാലാപ്പാടന്റെ നാടും പൊന്നാനിക്കടുത്തുള്ള വന്നേരിയാണല്ലോ.

1930-കളിൽ സാഹിത്യകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും ഒരു കൂട്ടായ്മ പൊന്നാനിയിൽ നിലവിൽവന്നു. കൃഷ്ണപണിക്കർ വായനശാല കേന്ദ്രമായി പ്രവർത്തിച്ച ആ കൂട്ടായ്മയാണ് പിന്നീട് പൊന്നാനിക്കളരിയെന്നറിയപ്പെട്ടത്. അതിന്റെ ആശാൻ ഇടശ്ശേരി തന്നെ. ആശാനെപ്പോലെതന്നെ പ്രഗൽഭരായ എഴുത്തുകാരും സാംസ്കാരികനായകരുമായിരുന്നു അംഗങ്ങളും. കുട്ടികൃഷ്ണമാരാർ, ഉറൂബ്, അക്കിത്തം, കടവനാടൻ, ഇ. നാരായണൻ, എം.ആർ.ബി., എം.പി., എൻ.പി. ദാമോദരൻ എന്നിവർ പലപ്പോഴായി ഈ കൂട്ടായ്മയിൽ അംഗങ്ങളായിരുന്നു. അവരുടെ ചർച്ചകളിൽനിന്നും സംവാദങ്ങളിൽനിന്നുമാണ് മലയാള സാഹിത്യത്തിൽ പിന്നീടു പ്രതിഷ്ഠ നേടിയ പല കവിതകളും ലേഖനങ്ങളും കഥകളും ഉണ്ടായത്. മേഴത്തൂരിൽനിന്ന് വി.ടിയും വന്നേരിയിൽനിന്ന് നാലാപ്പാടനും പരോക്ഷമായി ഈ കൂട്ടായ്മയ്ക്കു കൂടുതൽ വെളിച്ചമേകുകയും ചെയ്തു. പൊന്നാനിതാലൂക്ക് കേന്ദ്രകലാസമിതിയെപ്പോലുള്ള സ്ഥാപനങ്ങൾ ഉണ്ടായതും കൂട്ടുകൃഷിയെപ്പോലുള്ള നാടകങ്ങൾ എഴുതപ്പെട്ടതും ഈ കൂട്ടായ്മയുടെ ഫലമായി മാത്രമാണ്.

പൊന്നാനിക്കളരിയിലെ അംഗങ്ങളെല്ലാം തനതായ വ്യക്തിത്വമുള്ളവരായിരുന്നു. കലയെയും ജീവിതത്തെയും അവർ സ്വന്തം കണ്ണുകളിലൂടെ തന്നെയാണ് നോക്കിക്കണ്ടത്. എന്നാൽ, അവരെ ഒന്നിച്ചുനിർത്തിയ ചില പ്രത്യേകതകളുണ്ടായിരുന്നു.

അവരാരും സ്വപ്നജീവികളോ കാൽപനികരോ ആയിരുന്നില്ല. ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങളെ നോക്കിക്കാണാനും അഭിമുഖീകരിക്കാനും പരുക്കൻ ശൈലിയിൽത്തന്നെ ആവിഷ്ക്കരിക്കാനുമാണവർ ശ്രമിച്ചത്. ഭൂതകാലത്തിൽ അഭിരമിച്ച വള്ളത്തോളും ഭാവിയിൽ അഭിരമിച്ച ചങ്ങമ്പുഴയും അരങ്ങുതകർക്കുന്ന കാലഘട്ടത്തിൽ വർത്തമാനത്തോടു സംവദിക്കാനും അതിന്റെ സത്യം കണ്ടെത്താനുമാണ് പൊന്നാനി എഴുത്തുകാർ യത്നിച്ചത്. സാധാരണ മനുഷ്യരോടും അവരുടെ ജീവിതത്തോടും യാതൊരു ബന്ധവും പുലർത്താതെ കലയ്ക്കുവേണ്ടി മാത്രം കല നിർമിക്കുന്ന ദന്തഗോപുരവാസികളായിരുന്നില്ല അവരൊന്നും. കവിതകൾ ചമയ്ക്കൽ കാമ്യമാണെങ്കിലും കരണങ്ങളെഴുതിക്കാൻ വരുന്നവരെയൊന്നും അവർ നിരാശരാക്കിയില്ല.

ചുരുക്കത്തിൽ, മനുഷ്യരായി ബന്ധമില്ലാത്ത ഉട്ടോപ്പിയൻ ആശയങ്ങളോ കല്പനകളോ ഭാവങ്ങളോ അല്ല സാമാന്യജനങ്ങളുടെ തുടിക്കുന്ന ജീവിതങ്ങളും അവയ്ക്കു നിയാമകമായ ഗുരുത്വകേന്ദ്രങ്ങളും തന്നെയാണ് പൊന്നാനി – എഴുത്തുകാരുടെ കലയുടെ പ്രചോദകശക്തി. അവർ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഇടപെട്ടു. ആ ജീവിതങ്ങളെ കൂടുതൽ ജീവിതവ്യമാക്കാൻ ശ്രമിച്ചു. അവർക്കെല്ലാം ഉന്നതമായൊരു ധർമബോധമുണ്ടായിരുന്നു. ഗാന്ധിയൻ ചിന്തകളും ദർശനങ്ങളും ആത്മാവിലലിയിച്ചു ചേർത്തതുകൊണ്ടാവാം, അവരുടെ ജീവിതവും കലയും ധർമബോധത്തിലധിഷ്ഠിതമായത്. 'പാവങ്ങളി'ലെ മെത്രാനും മറ്റും തങ്ങളുടെ അവിഭാജ്യ ഭാഗമായിക്കഴിഞ്ഞതിനാലാവം, അവർ തെറ്റുചെയ്യുന്ന മനുഷ്യരോടുപോലും അങ്ങേയറ്റം സഹഭാവം കാണിച്ചു. മഹിതമായാലും മറിച്ചാകിലും മനുഷ്യഭാവങ്ങളെല്ലാം കമനീയമാണെന്നു തന്നെ അവർ വിശ്വസിച്ചു. മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ ധാർമികത – അതായിരുന്നു പൊന്നാനി എഴുത്തുകാരുടെ കലയുടെ അടിത്തറ.

**ഇടശ്ശേരിയുടെ പൊന്നാനിത്തം**
**പി.എം. നാരായണൻ**



ഹിന്ദുക്കളും മുസ്ലിങ്ങളും ക്രിസ്ത്യാനികളും മറ്റും തങ്ങളുടെ ജാതിമതാചാരങ്ങളിൽ വിശ്വസിച്ചുകൊണ്ടുതന്നെ വളരെ മൈത്രിയോടെ കഴിഞ്ഞുപോന്ന ഒരു പ്രദേശമാണ് പൊന്നാനിയും പരിസരങ്ങളും. ജാതിമതങ്ങളിൽ വിശ്വസിക്കുന്നതോടൊപ്പം തന്നെ ജാതിമതങ്ങൾക്കതീതമായ മഹത്തായ മാനവികതയും പൊന്നാനിയുടെ പ്രത്യേകതയാണ്. അതുകണ്ടെടുക്കുകയും അതിനാവിഷ്കാരം നൽകുകയും ചെയ്യാൻ പൊന്നാനിയിലെ എഴുത്തുകാരെല്ലാം ശ്രമിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ 'ഇസ്ലാമിലെ വൻമല' എന്ന കവിതയും 'കൂട്ടുകൃഷി' എന്ന നാടകവും നമുക്കിവിടെ ഓർക്കാം.

ചുരുക്കത്തിൽ ജാതിമതങ്ങൾക്കതീതമായ, സ്നേഹത്തിലും ധാർമികതയിലുമധിഷ്ഠിതമായ മഹത്തായ മാനവികത - അതാണ് പൊന്നാനിക്കളരിയുടെ കേരള സംസ്കാരത്തിനുള്ള സംഭാവന. അതുതന്നെയാണ് പൊന്നാനിത്തം എന്ന പേരിൽ അറിയപ്പെടുന്നതും.

അങ്ങനെ നോക്കുമ്പോൾ ഇടശ്ശേരി നൂറുശതമാനവും പൊന്നാനിത്തമുള്ള കവിയായിരുന്നു. ഖദർജൂബയണിഞ്ഞ് കുടയും പിടിച്ചുകൊണ്ട് എന്നും രാവിലെ പടിഞ്ഞാട്ടും വൈകുന്നേരം കിഴക്കോട്ടും പട്ടണത്തിലൂടെ നടന്നുപോകുന്ന ഗോവിന്ദൻനായർ ഒരു കവിയാണെന്ന് പൊന്നാനിക്കാർ അറിഞ്ഞതുതന്നെ അദ്ദേഹത്തിന്റെ ഷഷ്ഠിപൂർത്തി സമയത്തായിരുന്നു. സാമാന്യജനങ്ങളിൽ ഒരാളായി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ടും അവർക്ക് കരണങ്ങളെഴുതിക്കൊടുത്തുകൊണ്ടും അവരിലൊരാളായി അദ്ദേഹം ജീവിച്ചു. അതോടൊപ്പം തന്നെ അവരുടെ വികാരവിചാരങ്ങൾ കവിതകളിലൂടെയും നാടകങ്ങളിലൂടെയും അദ്ദേഹം ആവിഷ്കരിക്കുകയും ചെയ്തു. പാടത്തു പണിയെടുക്കുന്ന കൃഷിക്കാരന്റെയും തൊഴിൽശാലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും ചികിരിക്കുഴിയിൽ ചീഞ്ഞളിയുന്ന സഹോദരിമാരുടെയും വാഴ്ത്തുപാട്ടുകൾ പാടുമ്പോൾ മനുഷ്യാസ്തിത്വത്തിന്റെ ഇതിഹാസങ്ങൾ തന്നെയാണ് ഇടശ്ശേരി രചിക്കുന്നത്. തന്റെ കവിതകൾ പ്രചരണസാഹിത്യമാവുന്നതിൽ പോലും അദ്ദേഹത്തിനു ദുഃഖമില്ല. പരസ്യങ്ങൾ പോലും അവ മഹത്തായൊരാത്മാവിന്റെ അനുഭൂതികളെ ആവിഷ്കരിക്കുമ്പോൾ കാലത്തെ അതിജീവിക്കുമെന്ന് അദ്ദേഹത്തിനുറപ്പുണ്ട്.

'പൊന്നാനി' എന്ന പേരിൽ ഇടശ്ശേരിയുടെ ഒരു ചെറുകവിതയുണ്ട്.
അതിങ്ങനെയാണ്:
"ഒരു താമരപ്പൊയ്ക
തന്നെയാണിപ്പൊന്നാനി
വിരിപ്പൂ വീണ്ടും വീണ്ടും
കാഞ്ചനത്തണ്ടാരിതിൽ.
പേരുകേട്ടോരാമെഞ്ചി-
നീയർമാരുടെ, ഡോക്ടർ
മാരുടെ, യൊരുമന്ത്രി
തന്റെയും കസേരകൾ
അഴകാവർജിക്കുന്നി-
പ്പൂക്കളാൽ, അടിത്തട്ടിൽ
ക്കഴിയുവോരേ, നിങ്ങ
ളെപ്പൊഴും ചേറ്റിൽത്തന്നെ!"

ഇടശ്ശേരി എന്ന സ്വർണത്താമര തന്റെ മഹത്തായ കൃതികളാൽ കാലദേശങ്ങളെ ഭേദിച്ചുകൊണ്ടു വാനിലുയർന്നങ്ങനെ നിൽക്കുന്നു. പക്ഷേ, സാധാരണ മനുഷ്യന്റെ ദുഃഖങ്ങളിലും സന്തോഷങ്ങളിലും ആന്തരിക ചോദനകളിലും തന്നെയാണ് അദ്ദേഹത്തിന്റെ ചേതനയുടെ വേരുകൾ ആഴ്ന്നിറങ്ങിക്കിടക്കുന്നത്. മണ്ണിൽ കാലുറപ്പിച്ചുകൊണ്ടു തന്നെയാണ് അദ്ദേഹം എന്നും വിണ്ണിലേക്ക് തന്റെ ഇതളുകൾ വിടർത്തിയത് എന്നർഥം.

പറഞ്ഞുവന്നതിതാണ്. പൊന്നാനിത്തം എന്നാൽ, മഹത്തായ മാനവികത തന്നെ. ഈ അർഥത്തിൽ ഇടശ്ശേരിയുടെ കവിതകളിലും നാടകങ്ങളിലും കൂട്ടായ്മകളിലും പ്രവർത്തനങ്ങളിലും ജീവിതത്തിലാകെത്തന്നെയും പൊന്നാനിത്തം നിറഞ്ഞുനിൽക്കുന്നു. പൊന്നാനിയിലെ ഒരേ ഒരു പൊന്നാനിക്കാരൻ. ഒരുപക്ഷേ, ഇടശ്ശേരി മാത്രമായിരിക്കും.

ഗ്രന്ഥാലോകം - ജൂലായ് 2004